ആകെ താളുകൾ: (1) 2045 Code No: ~~308~~

## പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച പ്രളയപാഠങ്ങൾ

അനന്ത വിശാലമായ പ്രപഞ്ചം, കോടാനുകോടി നക്ഷത്രങ്ങൾ, കണ്ടുപിടിത്തങ്ങൾ. എത്ര മനോഹരമാണ് നമ്മുടെ ഈ പരിസ്ഥിതി. പ്രകൃതിഭംഗി കൊണ്ടും വ്യക്തിശുചിത്വം കൊണ്ടും ദൈവത്തിന്റെ കൈയ്യൊപ്പ് നേടിയ പുണ്യഭൂമിയാണ് കേരളം. ദൈവത്തിന്റെ സ്വന്തം നാട് എന്ന ആപ്തവാക്യത്തിന് പ്രസക്തിയേറുകയാണ്. തളിരിതൊഴുകുന്ന വൃക്ഷങ്ങളും പച്ചപ്പ് നിറഞ്ഞ വനാന്തരങ്ങളും നെൽപാടങ്ങളും മറ്റ് പ്രദേശത്തിനെ അപേക്ഷിച്ച് നമ്മുടെ നാടിന് പുത്തൻ പ്രതിച്ഛായ സമ്മാനിക്കുന്നു.

എന്നാൽ, ഇതെല്ലാം മധുരം കിനിയുന്ന ഓർമ്മകൾ മാത്രമായി മാറിയിരിക്കുന്നു. കേരളം ചരിത്രം ഇന്നേവരെ കണ്ടിട്ടില്ലാത്ത മഹാപ്രളയം നമ്മെ വിട്ടകന്ന്പോയിട്ട് മാസങ്ങളധികമായില്ല. മഴമാറി - വെയിൽവന്നു. ഇത് വിലയിരുത്തലിന്റെ സമയമാണ്. എന്തുകൊണ്ടാണിത് സംഭവിച്ചത്. നമുക്ക് തിരിഞ്ഞ്നോക്കാം.

ഇക്കഴിഞ്ഞ ഓഗസ്റ്റ് മാസം ഒമ്പതാം തിയതി കേരളത്തിന്റെ പച്ചപ്പായിരുന്ന ഇടുക്കി ജില്ലയിൽ പെയ്ത മഴയുടെ അളവ് 1789 മില്ലിമീറ്റർ. അതായത് ഒറ്റദിവസം മാത്രം ഏകദേശം 865 ശതമാനം അധികം മഴ ഇടുക്കിയിൽ മാത്രമെ പെയ്തു. ഇതേദിവസം വയനാട് ജില്ലയിൽ 179 മില്ലിമീറ്റർ മഴ പെയ്തു. ഏകദേശം 746 ശതമാനം മഴയുടെ അധികലഭ്യത വയനാട്ടിൽ മാത്രം. എന്തുകൊണ്ടാണ് ഈ പ്രതിഭാസം. നമുക്ക് കടന്ന് ചെല്ലാം.

2011-ൽ നടന്ന ലോക വൈവിധ്യ സംരക്ഷണ സംഘടനയുടെ കണക്ക് പ്രകാരം ഇടുക്കിയിൽ ഏകദേശം 7692 ചതുരശ്രി കിലോമീറ്റർ ആയിരുന്നു ആകെ വനവിസ്തൃതി. ഇന്ന് 2018-ൽ അത് വെറും 6125 ചതുരശ്രി കിലോമീറ്റർ മാത്രമായി കുറഞ്ഞു. ഏകദേശം 20 ശതമാനം വനം നഷ്ടമായി. ഇതേ കണക്ക് വയനാട്ടിൽ എടുത്ത് പരിശോധിച്ച് നോക്കിയാൽ 2011-ൽ വയനാട്ടിൽ ആകെ 4232.398 ചതുരശ്രി കിലോമീറ്റർ വനം ഉണ്ടായിരുന്നു. അത് ഇന്ന് 2018-ൽ വെറും 3632.439 ചതുരശ്രി കിലോമീറ്ററായി കുറഞ്ഞിരിക്കുന്നു. വയനാടിന്റെ മുഖമായിരുന്ന 11 ശതമാനം വനം നഷ്ടമായിപോയി. എങ്ങനെ? ...! അതെ, നമ്മെപോലുള്ള മനുഷ്യരുടെ അത്യാർത്തി വികസനം എന്ന കുടിലതന്ത്രത്തിന്റെ ചുവട് പിടിച്ച് വളർന്നപ്പോൾ നമുക്ക് നഷ്ടമായത് നമ്മുടെ തന്നെ ജീവോൽപത്തി.

കണക്കുകൾ അവിടെയും തീരുന്നില്ല. കേരളത്തിന്റെ മുഖമായിരുന്ന നെൽപാടങ്ങൾ. എന്നാൽ ഇന്ന് വയലുകളിൽ നെല്ലല്ല, മറിച്ച് കോൺക്രീറ്റ് ആണ് കൃഷി. 40 വർഷങ്ങൾക്ക് മുമ്പ് കേരളത്തിൽ മുഴുവൻ ഏകദേശം 7 ലക്ഷത്തിപതിനൊരായിരത്തി മുന്നൂറ് ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് ഈ പുരോഗമനകാലത്ത് ഉള്ളത് വെറും ഒരുലക്ഷത്തി മൂവായിരത്തിപത്ത് ഹെക്ടർ പാടം മാത്രം.

Code No: 308

എങ്ങനെയാണ് ഈ ഭീമമായ ക്രൂരത നമുക്ക് കാണാൻ കഴിഞ്ഞത്. കുന്നുകൾ നിരത്തിയും വയലുകളിലും പാടങ്ങളിലും മണ്ണ് ഇട്ടും നികത്തിയ പ്രദേശത്ത് നാം കൂറ്റൻ കെട്ടിടങ്ങൾ കെട്ടിപ്പൊക്കി. 2013-ൽ ഉത്തരാഖണ്ഡ് പ്രളയഭീതിയിൽ വിറച്ചപ്പോൾ മലയാളികളായ നാം വിചാരിച്ചു നമുക്ക് ഇതൊന്നും ഏൽക്കില്ല എന്ന്. എന്നാൽ ഈ നാടിന്റെ നെറുകംതലയിൽ വയൽ നികത്തി നാം കെട്ടിപ്പൊക്കി സൗധങ്ങൾ നമ്മുടെ തന്നെ ശവക്കോട്ടകളായി മാറിയത് നാം അറിഞ്ഞില്ല. നമ്മുടെ കാൽചുവട്ടിൽനിന്ന് ഒലിച്ച്പോയ മണ്ണിനെപറ്റി നാം ചിന്തിച്ചില്ല. ഒരുകാലത്ത് ഭക്ഷ്യസംസ്കാരത്തിൽ സ്വയം പര്യാപ്തത നേടിയ നാടായിരുന്ന നമ്മുടേത് എന്നാൽ ഇന്ന് ആന്ധ്രയിലെയും കന്നഡദേശത്തെയും തമിഴ്മുലത്തെയും ലോറികൾ വരുന്നതും കാത്ത് നാം നിൽക്കണം. ഒരു ലോറിസമരമോ മറ്റോവന്നാൽ നാം പട്ടിണികിടക്കേണ്ടിവരുന്ന അവസ്ഥ. പ്രകൃതിയെ മറന്ന് കാർഷികസംസ്കാരത്തെ അട്ടിമറിച്ച് പാടങ്ങളിൽ വയലുകളിൽ നാം കെട്ടിയ സൈബർപാർക്കുകൾ, ഷോപ്പിങ് മാളുകൾ ഇതെല്ലാം നമ്മുടെ നിലനിൽപ്പിന്നെ ഭീഷണിയാകുമെന്ന് നാം ഓർത്തില്ല.

വയലുകൾ കേരളത്തിന്റെ ജലസംഭരണികൂടിയായിരുന്നു. ഈ വയലുകളെ നാം കൊന്നൊടുക്കിയപ്പോൾ നാം നശിപ്പിച്ചത് നമ്മുടെ ജലസംഭരണികളെ തന്നെയാണ്.

1980-കളിൽ കേരളസംസ്ഥാനത്തെ തണ്ണീർത്തടങ്ങളുടെ എണ്ണം ഏകദേശം 4321. എന്നാൽ ഇന്ന് അത് വെറും 494 എണ്ണമായി കുറഞ്ഞിരിക്കുന്നു. തണ്ണീർത്തടങ്ങൾക്ക് ജീവജലമേകുന്നതായിരുന്നു 2008-ൽ കേരളനിയമസഭ പാസാക്കിയ തണ്ണീർത്തടസംരക്ഷണനിയമം. 30 വകുപ്പുകളുള്ള ഈ മൂലനിയമത്തിൽ 11 സുപ്രധാനവകുപ്പുകൾ നമ്മുടെ ഭരണാധികാരികൾ ഭേദഗതിക്ക് വിധേയമാക്കി. ഇത് വഴി നമുക്ക് ഒരു കാര്യം മനസ്സിലാക്കാം, അവശേഷിക്കുന്ന പാടങ്ങളിലും മണ്ണ് വീഴും, ഇനിയും കുന്നുകൾ നിരത്തും. 40 വർഷങ്ങൾക്ക് മുമ്പ് 700 കണ്ടൽകാടുകളുണ്ടായിരുന്ന കേരളത്തിൽ ഇന്ന് അത് വെറും 63 എണ്ണമായി കുറഞ്ഞു. കൃത്യമായി പറഞ്ഞാൽ അറുനൂറിലേറെ കണ്ടൽകാടുകൾ നഷ്ടമായി. അല്ല നഷ്ടപ്പെടുത്തി. നാം ഓർക്കണം. 2004-ൽ കേരളത്തിൽ സുനാമി തിരമാലകൾ ആഞ്ഞടിച്ചപ്പോൾ കണ്ണൂർ ജില്ലയിൽ ഭൂരിഭാഗം പ്രദേശത്തെയും കാത്ത്രക്ഷിച്ചത് ഈ കണ്ടൽകാടുകളായിരുന്നു. അതുകൊണ്ടാണ്, വിദ്യാലയത്തിന്റെ തിണ്ണ കണ്ടിട്ടില്ലാത്ത എന്നാൽ നമ്മുടെ ഗുരുതുല്യനായി മാറേണ്ട കല്ലൻ പൊക്കുടൻ എന്ന ഒരു മനുഷ്യൻ 1 ലക്ഷം കണ്ടൽ ചെടി നട്ട് നമുക്ക് മാതൃകയായത്.

നദികളുടെ കാര്യത്തിൽ നാം ഭാഗ്യവന്മാരാണ്. 44 നദികളാൽ സമ്പന്നമായ കേരളഭൂമിക ജലസമൃദ്ധിയുടെ ഉത്തമ ഉദാഹരണമായി മാറിയ ഒരു കാലം നമുക്ക് ഉണ്ടായിരുന്നു.

Code No: 308

എന്നാൽ സമൃദ്ധമായി ഒഴുകിക്കൊണ്ടിരുന്ന പമ്പാറും പെരിയാറും ഇന്ന് അപകടത്തിലാണ്. ഭാരതപ്പുഴ ഒരു കാലത്ത് കേരളത്തിലെ ഏറ്റവും വലിയ നദി-യായിരുന്നു. എന്നാൽ അത് ഇന്ന് മരണത്തിന് കീഴ-ടങ്ങിക്കൊണ്ടിരിക്കുന്നു. നാം ഓർക്കണം - ഇടുക്കി ചെറുതോ-ണി അണക്കെട്ടിന്റെ ഷട്ടർ അത് ഉയർത്തിയപ്പോൾ എറണാകുളം ഇല്ല വെള്ളത്തിനടിയിലായെങ്കിൽ, ആലുവ-യിലെ ചൂർണ്ണിക്കരയിൽ 7 കിലോമീറ്റർ പെരിയാർ ~~ഒഴു~~ കരകവിഞ്ഞൊഴുകിയെങ്കിൽ നാം ചിന്തിക്കണം. എന്തുകൊണ്ടാണ് ഇത് സംഭവിച്ചത്. ഡാം തുറക്കുന്നതിന് ഒരു ദിവസം മുമ്പ് നമ്മുടെ കേരളസംസ്ഥാനത്തെ ജനപ്രിയനായ ഒരു നേതാവിന്റെ വാക്ക് നമുക്ക് ഒന്ന് ശ്രദ്ധിക്കാം "25 വർഷം മുമ്പും ഡാം തുറന്നു, വെള്ളം ഒഴുകി, ഇവിടെ ഒന്നും സംഭവിച്ചില്ല". ഇന്ന് പ്രള-യാനന്തരകേരളത്തിലെ ഒരു വരുംതലമുറയുടെ പ്രതിനിധിയായി എനിക്ക് പറയാനുള്ളത്. "25 വർഷ-ങ്ങൾക്ക് മുമ്പും ഡാം തുറന്നിരിക്കാം, വെള്ളം ഒഴുകി-യിരിക്കാം, ഒന്നും സംഭവിക്കാതിരുന്നിരിക്കാം. എന്നാൽ, 25 വർഷം മുമ്പ് വെള്ളം സുഗമമായി ഒഴുകിയിരുന്ന സ്ഥലത്താണ് നാം ഇന്ന് കെ. എസ്. ആർ. ടി. സി

ബസ് സ്റ്റാൻഡുകളും ഷോപ്പിംഗ് കോംപ്ലക്സു-
ളും വൻകിട സൗധങ്ങളും നിർമ്മിച്ചത്." ജലത്തി-
ന് സുഖമായി ഒഴുകിയിരിക്കേണ്ട സ്ഥലം നാം
കയ്യേറി. വെള്ളത്തിന് പുഴയിൽ ഒഴുകണം. വെള്ളം
അധികമായാൽ ആ പുഴക്ക് വെള്ളം വലിച്ചെടുക്കണം.
അതിന് മണ്ണ് പുഴയിൽ വേണം ഇവിടെ എവിടെ-
യാണ് മണ്ണുള്ളത്?.

സമകാലിക കേരളത്തിൽ പുഴയി-
ലെ മണ്ണിന്റെ അവകാശികൾ വൻകിട മാഫിയകളാണ്.
രാത്രികളിൽ വൻകിടമാഫിയകൾ ലോറികളിൽ നിള-
യിലെയും പെരിയാറിലെയും പമ്പാറിലെയും ഭവാനി-
യിലേയും മണ്ണ് കടത്തുമ്പോൾ നമ്മുടെ അധികാര
വർഗം അതിന് ഒത്താശചെയ്ത് കൊടുത്ത് കൂട്ട്
നിൽക്കുന്നു. നദികളിലെയും പുഴകളിലെയും മണ്ണ്
മാഫിയകൾ അപഹരിക്കുമ്പോൾ വെള്ളം ഈ
മാനവരാശിയോട് ഉത്തരം മുട്ടിക്കുന്ന ഒരു ചോദ്യം
ഉണ്ടാക്കുമത്രെ. അതിന്റെ ഉത്തരം പ്രപഞ്ചത്തിൽ
എവിടെ അന്വേഷിച്ചാലും കിട്ടില്ല. ജലം നമ്മോട്
ചോദിക്കും - "ഞാൻ എവിടെ പോകും."

ന. 44 നദികളാൽ സമ്പന്നമായ കേരളത്തിനു
ജലസമൃദ്ധിയുടെ ഉത്തമ ഉദാഹരണമായി മാറിയ ഒരു-
കാലം നമുക്ക് ഉണ്ടായിരുന്നു.

ഇന്ന് കേരളത്തിലെ പ്രളയത്തിന് മറ്റൊരു കാരണമായി ദുരന്തപഠന അതോറിറ്റിയുടെ പഠനം ചൂണ്ടികാണിക്കുന്ന വളരെ പ്രധാനമായ ഒരു കാരണമുണ്ട്. ഇവിടെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ക്വാറികൾ. ദൈവത്തിന്റെ സ്വന്തം നാട്ടിലെ മലയോരമേഖ-ലയിൽ ഏകദേശം 32500 ക്വാറികൾ പ്രവർത്തിക്കുന്നു. ഇതിൽ പകുതിയിൽ ഏറെയും യാതൊരുവിധ സുരക്ഷാ-വ്യവസ്ഥകളും പാലിക്കാതെ. ഇതിൽ 1500-ഓളം-സംരക്ഷിതവനങ്ങൾക്കും റിസർവ് ഫോറസ്റ്റുകൾക്കും ഉള്ളിൽ. ലോക പൈതൃക സംരക്ഷണ പട്ടികയിൽ ഉൾപ്പെട്ട പശ്ചിമഘട്ടത്തിൽ 7150 ക്വാറികൾ പ്രവർ-ത്തിക്കുന്നു. സഹ്യന്റെ 47.43 ശതമാനം പ്രദേശവും വൻകിട ക്വാറികളുടെ കൈയ്യിലാണ്. ഭാരതപ്പുഴയുടെ നദിതടങ്ങളിൽ ഏകദേശം 512 ക്വാറികൾ പ്രവർ-ത്തിക്കുന്നു. ഇതുവഴി നമ്മുടെ വനമേഖലയും പർവതനി-രകളും നമുക്ക് നഷ്ടമായി കൊണ്ടിരിക്കുന്നു. ഇത്വഴി നമുക്ക് തിരാനഷ്ടങ്ങൾ ഉണ്ടാകുന്നു. സംരക്ഷിതവനങ്ങളുടെ 100 - 500 മീറ്ററിനുള്ളിലാണ് 312 ക്വാറികൾ പ്രവർത്തിക്കുന്നത്. ഇത് കാരണമാണ് ചെറിയ ഒരു മഴയുണ്ടായാൽ നമ്മുടെ വനമേഖലയിൽ ഉരുൾപൊട്ടൽ ഒരു സ്ഥിരം കാഴ്ച്ചയാകുന്നത്.

93 ശതമാനം ക്വാറികൾ പ്രവർത്തിക്കുന്നത് കുടിവെള്ളത്തിന് എത്തിക്കുന്ന പ്രദേശത്തിന്റെ തൊട്ടടുത്ത്.

കേരളത്തിൽ ദിവസവും പതിനായിരം ടൺ മാലിന്യം ഉൽപാദിപ്പിക്കുന്നു. ഇതിൽ അയ്യായിരം ടൺ സംസ്കരിക്കുന്നു. ബാക്കി അയ്യായിരം ടൺ ഇവിടെ ഇന്നു നമ്മുടെ ചുറ്റുമുണ്ട്. കേരളത്തിൽ 80 ശതമാനം കിണറുകളും മലിനമാണ്. അതുകൊണ്ടാണ് നമ്മുടെ പുഴകളിലും തണ്ണീർതടങ്ങളിൽ ജലത്തിൽ ഓക്സിജന്റെ അളവ് ക്രമാതീതമാംവിധം കുറഞ്ഞ് വരുന്നത്. സുഗന്ധവ്യഞ്ജനങ്ങളുടെ നാടായിരുന്ന കേരളത്തിൽ ഇന്ന് എങ്ങും ദുർഗന്ധമാണ്. പകർച്ചവ്യാധികളുടെ നാടായി മാറുന്നു. മാലിന്യം നമ്മുടെ പ്രളയത്തിന് മുഖ്യ കാരണമായി മാറി. യുദ്ധം നടക്കുന്നത് മൂലം ഒരു നാട് സന്ദർശിക്കാതെ ഒരു സഞ്ചാരി മടങ്ങി എന്ന് പറയുന്നതിനേക്കാൾ ഭയാനകമാണ് മലിനീകരണം ഭയന്ന് മടങ്ങി എന്ന് പറയുന്നത്. കേരളത്തിലെ താപനില ഓരോ വർഷവും 0.01% വീതം കൂടുന്നു. കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ മാത്രം കൂടിയത് 0.99% താപം.

കേരളത്തിൽ ഇന്ന് ഏകദേശം 512 ജീവജാലങ്ങൾ വംശനാശഭീഷണി നേരിടുന്നതായി കണക്കുകൾ നമ്മെ പഠിപ്പിക്കുന്നു.

നാം വരുത്തിയത് ഒരിക്കലും നികത്തുവാൻ കഴിയാത്ത തെറ്റ്. മലയാളി തോറ്റുപോയി.

"മലരണികാടുകൾ തിങ്ങി വിങ്ങി
മരതകകാന്തിയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്ന് മിന്നി
കരയതൊരാലസൻ ഗ്രാമഭംഗി"

എന്ന് പാടിയ മലയാളമണ്ണാ കവിത്രയത്തെക്കൊണ്ട്

"ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്ന മൃതിയിൽ
നിനക്കാത്മശാന്തി"

എന്ന് മരിക്കുന്നതിന് മുമ്പ് ഭൂമിദേവിക്ക് ചരമഗീതമെഴുതിനൽകി മലയാളിമക്കൾ. നാം നമ്മുടെ മനസാക്ഷിയോട് ചോദിക്കേണ്ട കുറച്ച് ചോദ്യങ്ങളുണ്ട്. ഇത് തന്നെയാണ് പ്രളയം നമുക്ക് പകർന്ന് നൽകിയ പാഠങ്ങൾ. നാം മുറിച്ച മരത്തിൽ കൂടുവെച്ച് പാർത്ത പക്ഷികൾ എവിടെപോയി? നാം നികത്തിയ വയലുകളിലെയും പാടങ്ങളിലെയും തവളകൾ എവിടെപ്പോയി? നാം കയ്യേറിയ പുഴയിലെ മീനുകൾ എവിടെപോയി?

ഉത്തരമുണ്ടാകില്ല. വനങ്ങൾ നശിപ്പിച്ച്, വയലുകൾ നികത്തി, തണ്ണീർത്തടങ്ങളെ കൊന്ന്, കണ്ടൽകാടുകൾ നശിപ്പിച്ച്, മണൽ വാരി, മലനിരകൾ കയ്യേറി, നാടിനെ മലിനമാക്കി, പ്ലാസ്റ്റിക് കത്തിച്ച്, മറ്റ് അനേകം ദുഷ്ചെയ്തികൾ പ്രകൃതിയോട് ചെയ്ത് നാം നടത്തിയ അഴിഞ്ഞാട്ടത്തിന്റെ ഉത്തരമാണ് ഈ പ്രളയം. ഇനിയും നാം തിരിച്ചുപോകുവാൻ മടിക്കരുത് ആ പഴയ ഐക്യകേരളത്തിലേക്ക്.

"ലോകമേ തറവാടു നമുക്കി-
ചെടികളും പുൽക്കളും -
പുഴുക്കളും കൂടിതൻ കുടുംബക്കാർ"

പിന്ന് വള്ളത്തോൾ സ്വപ്നം കണ്ട ആ നവകേരളത്തെ നമുക്ക് വാർത്തെടുക്കാം. പ്രളയം നൽകിയ പാഠങ്ങൾകൊണ്ട്, 1945 ഓഗസ്റ്റിൽ ഹിരോഷിമയിലും നാഗസാഗിയിലും അണുബോംബ് വീണ് തകർന്ന് വിണിട്ട്; ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സാമ്പത്തിക ശക്തിയായി ജപ്പാൻ തിരിച്ച് വന്നത്പോലെ, 1975 ഓഗസ്റ്റിൽ റിവർ റ്യൂ ഹിന നദിയിലെ ബാൻക്യാ ഡാം തകർന്ന് 2 ലക്ഷംപേരെ കൊലക്കുകൊടുത്ത നാടാണ് ചൈന, ആ ചൈന തിരിച്ച് വന്നത്പോലെ കേരളവും തിരിച്ച് വരണം. അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം

"ഇരിപ്പവനും മലർ ഗന്ധമേകും
വെട്ടുന്നവനും തരു ചൂടകറ്റും
ഹനിപ്പവനും കിളി പാട്ടുപാടും
പരോപകാരം, പ്രവണം പ്രപഞ്ചം.

വീണ്ടെടുക്കേണ്ടത് തകർന്ന കേരളത്തെയല്ല. ആ പഴയ കേരള സമൃദ്ധിയെ നാം വാർത്തെടുക്കണം. അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

"കേരളം എന്ന് കേട്ടാൽ തിളക്കണം ചോര
നമുക്ക് നരമ്പുകളിൽ."